**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3524** **27-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷിയ്ക്ക് ജലസേചന സൗകര്യങ്ങളുടെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷിയിടങ്ങളിലെ ജലസേചന സൗകര്യങ്ങളുടെ കുറവ് മൂലം കർഷകർ കൃഷി ഉപേക്ഷിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഇപ്രകാരം എത്ര കർഷകർ കൃഷി ഉപേക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനമൊട്ടുക്കുമുള്ള കൃഷിഭൂമിയിൽ ചെറിയ ശതമാനത്തിൽ മാത്രമാണ് ജലസേചന സംവിധാനം നിലവിലുള്ളത്. ബാക്കി വരുന്ന ഭൂരിഭാഗം കൃഷിയും മഴയെ ആശ്രയിച്ചുള്ളതാണ്. കേരളത്തിൽ നെൽകൃഷി പ്രധാനമായും മഴയെയും ജലസേചന പ്രൊജെക്ടുകൾ/ ഡാമുകൾ എന്നിവയെയും ആശ്രയിച്ചാണ് ചെയ്യുന്നത്. ജലദൗർലഭ്യം ഉള്ള പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് പ്രയാസം ഉണ്ട് എങ്കിലും ഇത് നിമിത്തം നെൽകൃഷി സ്ഥിരമായി ഉപേക്ഷിക്കപ്പെട്ടിട്ടില്ല. നിലവിലെ ജലസേചന വിസ്തൃതിയിൽ വിവിധ പദ്ധതികളുടെ ഇടപെടലുകളിലൂടെ കൂടുതൽ കർഷകരെ കൃഷിയിലേക്ക് കൊണ്ട് വരാൻ സാധിക്കും. കൃഷിയിടങ്ങളിലെ ജലസേചന സൗകര്യങ്ങളുടെ കുറവ് മൂലം എത്ര കർഷകർ കൃഷി ഉപേക്ഷിച്ചിട്ടുണ്ട് എന്നതിന്റെ വിവരശേഖരണം നടത്തിയിട്ടില്ല.** |
| (ബി) | കാർഷികവൃത്തിക്ക് ആവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ? | (ബി) | കാർഷികവൃത്തിക്ക് ആവശ്യമായ ജലലഭ്യത ഉറപ്പാക്കുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ **പെർ ഡ്രോപ്പ് മോർ ക്രോപ്പ്** (മൈക്രോ ഇറിഗേഷൻ), നബാർഡ്, ആർ.ഐ.ഡി.എഫ്.,മറ്റു വാർഷിക പദ്ധതികൾ തുടങ്ങിയവ വഴി അനുവദിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിവരങ്ങൾ വർഷം തിരിച്ച് **അനുബന്ധം-I** ആയി ചേർക്കുന്നു.<br><br>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കൃഷി വകുപ്പിന്റെ കീഴിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് സർക്കാരിന്റെ RIDF, RKVY, RKI, State Plan Scheme എന്നീ സ്കീമുകളിലായി ഭരണാനുമതി അനുവദിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം **അനുബന്ധം-II** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

**അനുവദിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിവരങ്ങൾ വർഷം തിരിച്ചുള്ള വിശദാംശം**

| വർഷം | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) | വിനിയോഗിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 10.83535 | 10.83535 |
| 2017-18 | 25.30779 | 25.30779 |
| 2018-19 | 37.132 | 37.132 |
| 2019-20 | 90.23404 | 78.55911 |
| 2020-21 | 73.16558 | 73.16558 |
| 2021-22 | 1089.96411 | 1040.04456 |
| 2022-23 | 1991.74369 | 1961.23183 |
| 2023-24 | 1294.33898 | 1214.11147 |

**<u>അനുബന്ധം-II</u>**

**കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന ഭരണാനുമതി അനുവദിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം**

| **വർഷം** | **ഭരണാനുമതി ലഭിച്ച തുക** (in Lakhs) | **ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക** (in Lakhs) | **ചിലവഴിച്ച തുക** (in Lakhs) |
|---|---|---|---|
| 2016-17 | 8562.00 | 11009.99 | 9549.34 |
| 2017-18 | 1588.00 | 12121.66 | 10355.43 |
| 2018-19 | 4055.00 | 12527.42 | 11610.27 |
| 2019-20 | 36514.00 | 7919.83 | 5663.11 |
| 2020-21 | 6190.00 | 11273.95 | 9806.21 |
| 2021-22 | 822.00 | 9723.29 | 8272.80 |
| 2022-23 | 2043.00 | 13654.07 | 9558.31 |
| 2023-24 | 250.00 | 110118.45 | 8669.28 |
| 2024-25 | ഇല്ല | 215.566 | 215.02 |